**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3417** **11-03-2025 - ൽ മറുപടിയ്ക്ക്**

**വനഭൂമിക്ക് പകരമായി റവന്യൂ ഭൂമി കൈമാറുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ വിവിധ റോഡുകളുടെ നവീകരണ-നിർമ്മാണ പ്രവൃത്തികൾ, നിർദ്ദിഷ്ട മലയോര ഹൈവേ നിർമ്മാണം എന്നിവയ്ക്കാവശ്യമായ വനഭൂമി ലഭ്യമാക്കുമ്പോൾ അതിനുപകരമായി റവന്യൂ ഭൂമി വനം വകുപ്പിന് കൈമാറുന്നതിനുള്ള നടപടികളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മലയോര ഹൈവേ വികസനവുമായി (KIFB - Development of Hill High Way Project) ബന്ധപ്പെട്ട് 18.5002 ഹെക്ടർ ഭൂമി വനം വകുപ്പിൽ നിന്നും വിട്ട് നല്കിയിട്ടുള്ളതാണ്. മലയോര ഹൈവേ വികസന പ്രവർത്തനത്തിനായി ഏറ്റെടുക്കപ്പെട്ട വനഭൂമിയ്ക്ക് പകരമായി ഭൂമി നല്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിന് പരിഹാര വനവത്കരണത്തിനായി തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന സ്ഥലങ്ങളുടെ സർവ്വേ ഡീമാർക്കേഷൻ നടത്തി സർവ്വേ നടപടികൾ പൂർത്തിയാക്കിയ 13.6534 ഹെക്ടർ ഭൂമിയുടെ KML സ്കെച്ച് സഹിതമുള്ള റിപ്പോർട്ട് ജില്ലാ കളക്ടർ തയ്യാറാക്കിയിട്ടുണ്ട്.<br><br>എടക്കഴിയൂർ വില്ലേജ് - 6.3602 ഹെക്ടർ<br><br>പുന്നയൂർ വില്ലേജ് - 7.2932 ഹെക്ടർ<br><br>ആകെ - 13.6534 ഹെക്ടർ<br><br>ചാവക്കാട് താലൂക്കിൽ മണത്തല വില്ലേജിൽ വരുന്ന 5.1923 ഹെക്ടർ കടൽ പുറമ്പോക്ക് ഭൂമി ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ച് സർവ്വേ ചെയ്ത് KML റിക്കാർഡുകൾ തയ്യാറാക്കുന്നതിനായി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതും സർവ്വേ നടപടികൾ നിലവിൽ നടന്ന് വരുന്നതുമാണ്.<br><br>വിഷയത്തിൽ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് ആവശ്യമായ അനന്തര നടപടികൾ സമയബന്ധിതമായി കൈക്കൊള്ളാൻ കഴിയുന്നതാണ്. |
| (ബി) | എങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കി വികസന പ്രവൃത്തികൾക്കായി വനഭൂമി ലഭ്യമാക്കുമ്പോൾ പകരമായി റവന്യൂ ഭൂമി വനം വകുപ്പിന് | (ബി) | മലയോര ഹൈവേ വികസനവുമായി (KIFB - Development of Hill High Way Project) ബന്ധപ്പെട്ട് 18.5002 ഹെക്ടർ ഭൂമി വനം വകുപ്പിൽ |

| | | | |
|---|---|---|---|
| | കൈമാറുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | നിന്നും വിട്ട് നല്കിയിട്ടുള്ളതാണ്. മലയോര ഹൈവേ വികസന പ്രവർത്തനത്തിനായി ഏറ്റെടുക്കപ്പെട്ട വനഭൂമിയ്ക്ക് പകരമായി ഭൂമി നല്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിന് പരിഹാര വനവത്കരണത്തിനായി തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന സ്ഥലങ്ങളുടെ സർവ്വേ ഡീമാർക്കേഷൻ നടത്തി സർവ്വേ നടപടികൾ പൂർത്തിയാക്കിയ 13.6534 ഹെക്ടർ ഭൂമിയുടെ KML സ്കെച്ച് സഹിതമുള്ള റിപ്പോർട്ട് ജില്ലാ കളക്ടർ തയ്യാറാക്കിയിട്ടുണ്ട്.<br><br>എടക്കഴിയൂർ വില്ലജ് - 6.3602 ഹെക്ടർ<br><br>പുന്നയൂർ വില്ലജ് - 7.2932 ഹെക്ടർ<br><br>ആകെ - 13.6534 ഹെക്ടർ<br><br>ചാവക്കാട് താലൂക്കിൽ മണത്തല വില്ലേജിൽ വരുന്ന 5.1923 ഹെക്ടർ കടൽ പുറമ്പോക്ക് ഭൂമി ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ച് സർവ്വേ ചെയ്ത് KML റിക്കാർഡുകൾ തയ്യാറാക്കുന്നതിനായി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതും സർവ്വേ നടപടികൾ നിലവിൽ നടന്ന് വരുന്നതുമാണ്.<br><br>വിഷയത്തിൽ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് ആവശ്യമായ അനന്തര നടപടികൾ സമയബന്ധിതമായി കൈക്കൊള്ളാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ